## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3825 19/03/2018-ൽ മറുപടിയ്ക്ക്

## ചാലഞ്ച് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളിൽ ചാലഞ്ച് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണ്; | (എ) എയ്ഡഡ് സ്കൂളുകൾക്കായുള്ള ചാലഞ്ച് ഫണ്ട് പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 01/03/18-ലെ സ.ഉ 30/18/ധന നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ചാലഞ്ച് ഫണ്ട് നൽകാൻ സന്നദ്ധമാവുന്ന സ്കൂൾ മാനേജ്മെന്റുകൾക്കെല്ലാം അത്രയും തുക നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; | (ബി) സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം പരമാവധി ഒരു കോടി രൂപ വരെ സർക്കാർ നൽകുന്നതാണ്. |
| (സി) ചാലഞ്ച് ഫണ്ടിന് ആനുപാതികമായി സർക്കാർ പ്രഖ്യാപിച്ച തുകയിലേക്ക് എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും പണം അനുവദിക്കാനാവുമോ; | (സി) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ 50:50 അനുപാതത്തിൽ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്. |
| (ഡി) ചാലഞ്ച് ഫണ്ട് ലഭിക്കുന്നതിന് വേണ്ടി എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് വിശദമാക്കാമോ? | (ഡി) ചലഞ്ച് ഫണ്ട് പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് അതിൻപ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ